ണ്ടോകും. അതായതു് പാസ്സു് ഫാറസ്റ്റുദ്യോഗസ്ഥന്മാക്ക സമർപ്പിച്ചു പത്തു ദിവസം കഴിഞ്ഞാൽ മരം കൊണ്ടുപോകാനുള്ള സ്വാതന്ത്ര്യം ഉടമസ്ഥനു ഉണ്ടായിരിക്കേണ്ടതാണു്.

മിസ്റ്റർ വി. കെ. കുട്ടി: ഫാറം ദിവസം കുറച്ചു കൂടുതലാണു്. 6 ദിവസം എന്നാക്കുന്നതു നന്നായിരിക്കും.

മിസ്റ്റർ സി. കെ. നായർ: ഉദ്യോഗസ്ഥന്മാരുടെ ജോലിത്തിരക്കുകൂടിയും നാം ഓക്കണം. അതുകൊണ്ടു് ഫാറം ദിവസംതന്നെ തുടയിക്കൊള്ളട്ടെ. ആ അവുധികഴിഞ്ഞാൽ മരം നീക്കംചെയ്യാൻ ഉടമസ്ഥനുവാദമുണ്ടാകണം. ഇങ്ങിനെയായാൽമാത്രമെ ബി ഫാറംകൊണ്ടുള്ള ബുദ്ധിമുട്ടിനു പരിഹാരമാകയുള്ളു. ഇതു ചെയ്യുതരുവാൻ ഒരുക്കമാണൊ എന്നാണെനിക്കറിയേണ്ടതു്.

മിസ്റ്റർ ടി. നാരായണമേനോൻ: ഇതു ദിവസത്തിനുള്ളിൽ കൊടുത്തുകൊള്ളാം എന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഇതിനെപ്പറ്റി ആലോചിച്ചു് വേണ്ടതുപോലെ ചെയ്യാം എന്നുമാത്രമെ പറയുവാൻ തരമുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: മിസ്റ്റർ രാമചന്ദ്രയ്യർ പറഞ്ഞമാതിരി കല്ലുവെട്ടുന്നതിനു് ഇതു ദിവസമെന്നു് ഒരു അവുധി വെച്ചിട്ടുണ്ടു്. അതുപോലെതന്നെ ഇക്കാര്യത്തിലും ഒരു നിബന്ധനവെച്ചാൽ മതിയല്ലൊ?

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇതിലുള്ള അപകടം എന്താണുള്ളതു്.

മിസ്റ്റർ ടി. നാരായണമേനോൻ: സംഗതിയുടെ ഗുണദോഷങ്ങൾഎല്ലാം അന്വേഷിച്ചിറിഞ്ഞതിന്റെ ശേഷംമാത്രമെ ശരിയായ അഭിപ്രായം പറയുവാൻതരമുള്ളു.

മിസ്റ്റർ സി. കെ. നായർ: ഗവമ്മെണ്ടിന്റെ അഭിപ്രായം ഈ സഭയുടെ അഭിപ്രായത്തോടുകൂടി യോജിക്കുന്നതായി അറിയുന്നതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave withdrawn

Demand under 12 Forests and Tramway put and carried

39—Miscellaneous Rs. 13,67,843

Mr. M. M. Paul *(Director of Food Supplies)*: I beg to move for an allotment of Rs. 13,67,483 under 39—Miscellaneous—Food Supply Measures:

CUT MOTION NO. 16

Advisory Committee to assist the Diector of Food Supplies

മിസ്റ്റർ വി. കെ. കുട്ടി: *To reduce the allotment of Rs. 1,200 for Food Supply Measures by Re. 1*

(ഫുഡു് സപ്ലൈ ഡയറക്ടക്ക യഥാവസരം വേണ്ട ഉപദേശങ്ങളും നൽകി അദ്ദേഹത്തിന്റെ ജോലിയിൽ സഹായിക്കുന്നതിന്നായി ഒരു അനുദ്യോസ്ഥകമ്മിറ്റിയെ നിയമിക്കണം. ഈ കമ്മിറ്റിയിൽ എല്ലാ താല്പര്യങ്ങളും പ്രതിനിധീകരിക്കപ്പെടേണ്ടതാണു്). ഇതാണു് എന്റെ പ്രമേയം.

Mr. C. K. Nayar *(Nemmara)*: Sir. There is an identical motion in my name, i. e. No. 5. That also may be taken up along with this My motion is this. *To reduce the allotment of Rs. 3,27,821 for Estabishment-Food Supplies by Rs. 2.* (ഫുഡ്സപ്ലൈ ഡയറക്ടരെ ഉപദേശിക്കാൻ ഒരു അനുദ്യോഗസ്ഥസമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ) ഇതാണു് എന്റെ പ്രമേയം.

മിസ്റ്റർ വി. കെ. കുട്ടി: മിസ്റ്റർ പ്രസിഡണ്ടു്സർ, കൊച്ചീരാജ്യത്തു് ഫുഡ്സപ്ലൈസു് ഡിപ്പാർട്ടുമെണ്ടു് പുതിയതായി ആവിർഭവിച്ചതാണെങ്കിലും, മറ്റു ഡിപ്പാർട്ടുമെണ്ടുകളെ അപേക്ഷിച്ചു് ഇതു പ്രാധാന്യം അർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെണ്ടു് വേറെയില്ലന്നുള്ളതു് തീച്ചയാണു്. ഈ ഡിപ്പാർട്ടുമെണ്ടിന്നു് എന്തെങ്കിലും വൈകല്യം സംഭവിച്ചാൽ കൊച്ചിരാജ്യത്തുള്ള ൪൫ ലക്ഷം ആളുകൾക്കും അതു ബാധകമായിരിക്കുമെന്നു് പ്രത്യേകം മനസ്സിലാക്കേണ്ടതാണു്. ഇത്രയും പ്രാധാന്യം അർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെണ്ടിനെ സഹായിക്കുവാൻ ഒരു ഉപദേശകസമതിവേണമെന്നു് പറയുന്നതു് ഉശ്ശാഠ്യമാണെന്നു ആരും വിചാരി

LIBRARY ARCHIVES Kerala Legislative Assembly

ക്കില്ലെന്നാണ് എന്റെ വിശ്വാസം. പല പ്രശ്നങ്ങളെക്കൊണ്ടും വളരെ വിഷമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സിവിൽസപ്ലൈസ് ഡയറക്ടർ അവർകൾക്കും ഇതു് വലിയൊരു സഹായമായിത്തീരുന്നതാണു്. നമ്മുടെ സിവിൽസപ്ലൈസ് ഡയറക്ടർ ഡ. ര മണിക്കൂർ സമയവും ആത്മാർത്ഥതയോടുകൂടി രാജ്യത്തിന്നുവേണ്ടി വിനിയോഗിച്ചുവരുന്നു. രാജ്യത്തിലെ ക്ഷേപ്രശ്നങ്ങളിൽ വേണ്ട ശ്രദ്ധപതിപ്പിച്ചു്, തന്റെ ചുമതലകളെ ആത്മാർത്ഥമായി നിർവ്വഹിക്കുവാൻ സദാപി സന്നദ്ധനായ ഒരു ഉദ്യോഗസ്ഥനെ നമുക്കു് ലഭിച്ചിരിക്കുന്ന സ്ഥിതിക്കു് അദ്ദേഹത്തെ യഥാകാലം സഹായിക്കയും ഉപദേശിക്കയും ചെയ്യാൻ ഈ സഭക്കു് ചുമതലയുണ്ടെന്നാണു് എന്റെ വിനീതാഭിപ്രായം. ബഹുമാനപ്പെട്ട ഗവൺമെണ്ടും ഇതിനെ അനുകൂലിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ക്ഷേപ്രശ്നം ബഹുമുഖങ്ങളാണു്. ഒരുവശത്തുനിന്നു് മത്സ്യംകൺട്രോൾ ചെയ്യരുതു്തെറ്റാണെന്നു പറയുമ്പോൾ മറ്റൊരുവശത്തുനിന്നു് അതു തെറ്റല്ല, ശരിയാണെന്നു് പറയുന്നു. അതുപോലെതന്നെ കൊള്ളിക്കിഴങ്ങു് കൺട്രോൾ ചെയ്യുവാൻ പാടില്ലെന്നു പറയുമ്പോൾ മറ്റൊരുവശത്തുനിന്നു അതു് കൺട്രോൾചെയ്യണമെന്നു പറയുന്നു. ഗ്രെയിൻസ് സ്റ്റഫ് കൺട്രോൾ വേണമെന്നു് ഒരുവശത്തുനിന്നു പറയുമ്പോൾ മറ്റൊരുവശത്തുനിന്നു് കൺട്രോൾ പാടില്ലെന്നു് പറയുന്നു. ഇങ്ങിനെയുള്ള പല വിഷമപ്രശ്നങ്ങളാണു് നമ്മുടെ സിവിൽ സപ്ലൈഡയറക്ടരെ അലട്ടിക്കൊണ്ടിരിക്കുന്നതു്: ഈനിലയിൽ ഒരു ഉപദേശകസമിതി രൂപവൽകരിക്കുന്നപക്ഷം സപ്ലൈസ് ഡയറക്ടരുടെ വിഷമതകളെ ലഘൂകരിക്കുന്നതിനും പൊതുജനങ്ങളുടെ സൌകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും സാധിക്കുകയും ചെയ്യും. ഒരു പുതിയ വകുപ്പു്, ദുഷ്ടതരങ്ങളായ പ്രശ്നങ്ങളും, ബഹുമുഖങ്ങളായ പ്രവർത്തനങ്ങളും; ഈ നിലയിൽ ഒരു കമ്മറിവേണമൊ, വേണ്ടയൊ എന്നുള്ള കാര്യത്തെപ്പറ്റി ഒരു വലിയ പ്രസംഗമൊന്നും ആവശ്യമുണ്ടെന്നു് എനിക്കുതോന്നുന്നില്ല. ഞാൻ ഈ സഭയുടെ സമ്മതിക്കുവേണ്ടിയായി ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. കെ. നായർ: സർ, ഈ വിഷയം സംബന്ധിച്ചു സഭയുടെ സമയം അധികം ചിലവുചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട തൊഴിലാളി മെമ്പറായ മിസ്റ്റർ കട്ടി പറഞ്ഞതുപോലെ വിവിധ സമുദായങ്ങളിലേയും വിവിധ ഗ്രാമങ്ങളിലേയും താല്പര്യങ്ങൾ വിവിധങ്ങളായിരിക്കും. അതുകൊണ്ടു ഓരോ പ്രദേശങ്ങളിലേയും നിലകളെ കൈകാര്യം ചെയ്യേണ്ടസമ്പ്രദായങ്ങളും എപ്പോഴും വ്യത്യസ്തപ്പെട്ടിരിക്കും. അങ്ങിനെ നമ്മുടെ രാജ്യത്തെ സംബന്ധിച്ചേടത്തോളം കഴപ്പുമേറികൊണ്ടിരിക്കുന്ന ഒരുപ്രശ്നമാണിതു്. ഈ വിധകാര്യങ്ങൾ വേണ്ടും പോലെ നിർവ്വഹിക്കുന്നതിൽ ഗവൺമെണ്ടിന്റെയൊ സിവിൽ സപ്ലൈസു് ഡയറക്ടരുടേയൊ ആത്മാർത്ഥതയെക്കുറിച്ചു് ഞങ്ങൾക്കൊട്ടും സംശയമില്ല. സിവിൽ സപ്ലൈസു് ഡയറക്ടർ വളരെ ആത്മാർത്ഥതയോടുകൂടി ഈ കാര്യത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഈ വിഷമപ്രശ്നത്തിനു പരിഹാരം കാണാനുള്ള മാർഗ്ഗങ്ങളാരായുവാനുള്ള ഉത്തരവാദിത്വം അദ്ദേഹത്തിൽ മാത്രമല്ലാ സ്ഥിതിചെയ്യുന്നതു്. തനിക്കു സുപരിചിതമായ ഒരു പ്രദേശത്തിലെ സ്ഥിതിഗതികളെ മുൻനിറുത്തി ഒരു കാര്യത്തിൽ ശരിയായ ഒരു തീർപ്പു ചെയ്യാനദ്ദേഹത്തിന്നു സ്വയം സാധിക്കുമായിരിക്കും. പക്ഷെ അതെ കാര്യത്തിൽ വിഭിന്നമായ ഒരു നില കൈക്കൊണ്ടിട്ടുള്ള മറ്റൊരു പ്രദേശത്തിൽ ഈ തീർപ്പുകൊണ്ടു സംതൃപ്തമാകും. അതിനാൽ വിവിധ താലൂക്കുകളിൽ നിന്നുമായി കുറെ അനുദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തു ഈവക കാര്യങ്ങളിൽ ഉപദേശം നല്കാനുള്ള ഒരു സമതിയെ രൂപീകരിക്കണമെന്നാണു ഞാനാവശ്യപ്പെടുന്നതു്.

Rama Varmha Tampuran *(Secretary to Government)*: What is the purpose of this Committee? There are already two committees functioning. One to fix prices and another to advise on r tioning. What is the use of the third Committee, may I know?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അങ്ങിനെ ഒരു കമ്മിറ്റിയാണെങ്കിൽ അതാവശ്യമില്ല.

മിസ്റ്റർ സി. കെ. നായർ: റാഷനിംഗിനു കമ്മിറ്റിയുണ്ടൊ? അതിന്റെ ചുമതലകൾ എന്താണു്. അവരോടു ഈ വകകാര്യങ്ങൾ ആലോചിക്കാറുണ്ടൊ?

മിസ്റ്റർ എം. എം. പോൾ: ഒരു റേഷനിംഗ് കമ്മിറ്റിയുണ്ടു്. അതിൽ ഇതിനെക്കുറിച്ചു അഭിപ്രായം പറയാനുണ്ടെങ്കിൽ പറയാം.

മിസ്റ്റർ സി. കെ. നായർ: ആ കമ്മിറ്റി രൂപീകരിച്ചിട്ടു എത്രമാസമായി?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം എം. പോൾ: രണ്ടു മൂന്നു മാസമായി.

മിസ്റ്റർ സി. കെ. നായർ: ആ കമ്മിറ്റി സാധാരണയായി ഈ വക കാര്യങ്ങളും ആലോചിക്കാറുണ്ടോ?

മിസ്റ്റർ എം. എം. പോൾ: സാധാരണയില്ല.

മിസ്റ്റർ സി കെ. നായർ: ഫെയർ പ്രൈസ് ഷാപ്പിന്നു അഡൈ്വസറി കമ്മിറ്റിയുണ്ടോ?

മിസ്റ്റർ എം. എം. പോൾ: അതിന്നു പ്രത്യേകിച്ചു കമ്മിറ്റിയില്ല. ഉള്ള കമ്മിറ്റിയിൽ ഈ വകകാര്യങ്ങളും ആലോചിക്കും.

മിസ്റ്റർ സി. കെ. നായർ: അവരുടെ അഭിപ്രായം ഈ കാര്യത്തിൽ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ?

മിസ്റ്റർ എം. എം. പോൾ: ചിലപ്പോൾ കേട്ടിട്ടുണ്ട്.

മിസ്റ്റർ സി. കെ. നായർ: ഈ കമ്മിറ്റിക്കു കൺവീനറുണ്ടോ?

മിസ്റ്റർ എം. എം. പോൾ: ഇല്ല.

മിസ്റ്റർ ടി എ. രാമചന്ദ്രയ്യർ: ആ കമ്മിറ്റിയിലെ മെമ്പർമാർ അഭിപ്രായം എഴുതി അയച്ചാൽ അതു കമ്മീഷണർക്കു അയച്ചുതരാറുണ്ടോ?

മിസ്റ്റർ എം. എം. പോൾ: അയച്ചുതരാറുണ്ട്.

രാമവർമ്മതമ്പുരാൻ: രണ്ടു മൂന്നു കാര്യങ്ങളാണു് ഇതിൽ പ്രത്യേകം ആലോചിക്കുവാനുള്ളതു്. ഒന്നാംമതായി സാധനങ്ങൾ വാങ്ങുക. രണ്ടാമതായി വിതരണം ചെയ്യുക. മൂന്നാമതായി അതിന്നു നിശ്ചിതവില തീർച്ചയാക്കുക ഇതിൽ വിലനിശ്ചയിക്കുന്നതിന്നും റേഷനിംഗിന്നും ഓരോ കമ്മിറ്റി ഇപ്പോഴുണ്ടു്. ഇനി ഒരു കാര്യം ബാക്കിയുള്ളതു് സാമാനങ്ങൾ പുറമെനിന്നു വാങ്ങുന്നതുമാത്രമാണു്. അതിന്നു ഒരു കമ്മിറ്റി വേണമെന്നുള്ളതാണോ ഇതിന്റെ ഉദ്ദേശം?

മിസ്റ്റർ സി. കെ. നായർ: സംഭരണവിതരണങ്ങളെങ്ങിനെ വേണമെന്നുപദേശിക്കാനാണു് ഒരു കമ്മിറ്റി വേണമെന്നു പറയുന്നതു്. ആ കമ്മിറ്റിക്കു നെല്ലു എത്ര വിലക്കു വാങ്ങണം, നെല്ലു് എത്ര വിലയ്ക്കു വില്ക്കണം റേഷൻ എത്ര തോതുവെച്ചു കൊടുക്കണം, നെല്ലു്, ആർ, എങ്ങിനെ വാങ്ങണം എന്നീവക കാര്യങ്ങളിൽ സിവിൽ സപ്ലൈസു് കമ്മീഷണരെ ഉപദേശിക്കാനുള്ള അധികാരമുണ്ടായിരിക്കണം.

മിസ്റ്റർ വി. കെ. കുട്ടി: അങ്ങിനെയല്ല.

മിസ്റ്റർ സി. കെ. നായർ: അതു രണ്ടുമല്ല എന്റെ ഉപക്ഷേപത്തിലെ താല്പര്യം. ഗവർമ്മെണ്ടിന്നു ഇപ്പോൾ നെല്ലു വാങ്ങുവാൻ ഒരു സമ്പ്രദായമുണ്ടു്. ഇന്നത്തെ സമ്പ്രദായമനുസരിച്ചു പറഞ്ഞാൽ, കർഷകരുടെ കയ്യിൽനിന്നും വില്ലേജുദ്യോഗസ്ഥന്മാർ വാങ്ങിയ നെല്ലിന്റെ ഗുണവും തരവും മറ്റുള്ളവരറിയുന്നതു് ആ നെല്ലു് ഫെയർ പ്രൈസ്സു് ഷാപ്പിലൊ ലൈസൻസു് പീടികയിലൊ എത്തി വിതരണത്തിന്നായി ചാക്കു പൊളിക്കുമ്പോൾ മാത്രമാണു്. ചണ്ടും പൊടിയും നിറഞ്ഞ നെല്ലാണു് വിതരണാർത്ഥം എത്തിച്ചേർന്നിട്ടുള്ളതെന്നറിവാകുന്നതോടൊപ്പം ആ നെല്ലു വാങ്ങിയതാരെന്നോ എവിടെ നിന്നെന്നോ മനസ്സിലാക്കുവാൻ ഇന്നത്തെ സമ്പ്രദായം വഴിതരുന്നുമില്ല. ആർ, എന്തുദ്ദേശത്തോടുകൂടി, എവിടെനിന്നു വാങ്ങിയതെന്നാരുമേതുമറിയാതെ, ആ ചണ്ടും പൊടിയും വിലക്കു വാങ്ങുവാൻ ഉപഭോക്താക്കൾ നിർബ്ബന്ധരാകുകയാണിന്നു ചെയ്യുന്നതു്. കച്ചവടവുമായി ഒരു ബന്ധവുമുണ്ടായിട്ടില്ലാത്ത വകുപ്പദ്ധ്യക്ഷൻ; കളവു കണ്ടുപിടിക്കാൻ മാർഗ്ഗമില്ലാത്ത സമ്പ്രദായവിശേഷം; വിതരണബാദ്ധ്യത വഹിക്കുന്നില്ലാത്ത സംഭരണാധികാരികൾ, കിട്ടിയതു വീതിച്ചുകൊടുക്കയല്ലാതെ മറ്റൊരുവാദിതാപമേതുമില്ലാത്ത വിതരണക്കാർ; നെല്ലെന്നപേരിൽ കിട്ടുന്ന എന്തും വില കൊടുത്തു വാങ്ങുകയല്ലാതെ ഗത്യന്തരമില്ലെന്നു വന്നിട്ടുള്ള ഉപഭോക്താക്കൾ; എന്നീ വിവിധ ഘടകങ്ങളൊത്തുകൂടിയാലുള്ള കഴപ്പത്തിന്നും തൻമൂലമുളവാകാനിടയുള്ള അസംതൃപ്തിക്കുമുണ്ടോ അതിരും എതിരും? പറയൊന്നിന്നു് രണ്ടിടങ്ങഴിയിലധികം അരികിട്ടിയിരുന്നില്ലാത്ത നെല്ലു് നല്ല നെല്ലിന്റെ വില കൊടുത്തു വാങ്ങുവാൻ നമ്മുടെ നാട്ടുകാർ ഇതിനിടെ നിർബ്ബന്ധരായില്ലെ? ഈ കഴപ്പുകൾ ഇന്നത്തെ സംഭരണസമ്പ്രദായത്തിന്റെ പ്രത്യക്ഷ ഫലങ്ങളാണെന്നു നമ്മുടെ ഗവർമ്മെണ്ടു ധരിച്ചിട്ടില്ലെന്നു തോന്നുന്നു. ഒരുപദേശകസമിതിയുണ്ടായിരുന്നെങ്കിൽ ഇതിന്നും ഇതുപോലുള്ള മറ്റു പ്രശ്നങ്ങൾക്കും നിവാരണം കാണുവാൻ കഴിയു

LIBRARY ARCHIVES Kerala Legislative Assembly

മായിരുന്നു. ഇന്നു നെല്ലു വാങ്ങുന്ന സമ്പ്രദായവും തൃപ്തികരമല്ല. മുള്ളവരെ ഒഴിച്ചുനിത്തി യും ഇല്ലാത്തവരെ പിഴിഞ്ഞുമാണിന്നു പ്രായേണ നെല്ലു സംഭരിച്ചുകാണാറു്. ഒരോ ജന്മിയു ടെ കയ്യിൽനിന്നും എത്രപ്രാവശ്യം നെല്ലു വാങ്ങിയിട്ടുണ്ടെന്നു പരിശോധിച്ചാൽ മതി ഇതി ന്റെ രഹസ്യമറിയാൻ. നെല്ലുവാങ്ങുന്നിടം, സംഭരണശാല, വിതരണസ്ഥലം എന്നിവയെ സൌകര്യപ്രദമാംവണ്ണം സംഘടിപ്പിക്കാനുള്ള ഒരു ശ്രമമൊ, അതിന്റെ ആവശ്യകതയൊ നമ്മുടെ ഗവമ്മെണ്ടിന്നു ബോദ്ധ്യമായിട്ടില്ലെന്നുവേണം പറയാൻ. ഇതത്രയും ഒരു ഉപദേശ കസമിതിയുടെ ആവശ്യകതയെയാണു പ്രത്യക്ഷമാക്കുന്നതു".

രാമവമ്മതമ്പുരാൻ : മെമ്പരുടെ പ്രസംഗം കേട്ടകഴിഞ്ഞാൽ എന്തു കമ്മിറ്റിയാണു് ആവ ശ്യപ്പെടുന്നതെന്നു മനസ്സിലാകുന്നില്ല. നെല്ലിന്നു കേടുവരുന്നതു ഇല്ലാതാക്കാനാണെങ്കിൽ അതിന്നു ഒരു കമ്മിറ്റി വേണമെന്നില്ല. അതാതു സ്ഥലത്തുനിന്നു നെല്ലു വാങ്ങുന്നതിന്നു വിജിലൻസു കമ്മിറ്റിപോലെ ഒരു കമ്മിറ്റി വേണമെന്നായിരിക്കുമൊ പറയുന്നതു്. അല്ലെ കിൽ ഏതെങ്കിലും ജന്മിക്കു നെല്ലു ശരിക്കു കൊടുക്കുന്നില്ലെങ്കിൽ അതു വാങ്ങുന്നതിന്നു ഒരു ക മ്മിറ്റി വേണമെന്നാണൊ ആവശ്യപ്പെടുന്നതു്? ആ കാര്യത്തിന്നാണു കമ്മിറ്റി വേണമെന്നു പറയുന്നതെങ്കിൽ ചിലപ്പോൾ ഗവമ്മെണ്ടിന്നു വിരോധമുണ്ടായിരിക്കയില്ല. അതുകൊണ്ടു് ഏതു സംഗതിക്കാണു കമ്മിറ്റി വേണ്ടതു് എന്നൊന്നു പറഞ്ഞുതന്നാൽ വിരോധമില്ല.

മിസ്റ്റർ സി. കെ. നായർ : സംഭരണവിതരണത്തെ സംബന്ധിച്ചുള്ള എല്ലാ ഉപദേശ ങ്ങളും ഹൂസ്സ് സയറക്ടക്കു കൊടുക്കുവാൻ പറ്റിയതായ ഒരു സമതി വേണമെന്നാണു് ആവ ശ്യപ്പെടുന്നതു".

മിസ്റ്റർ വി. കെ. കുട്ടി : സർ, ഈ കമ്മിറ്റിയുടെ കാര്യം ഗവമ്മെണ്ടു തെറ്റിദ്ധരിച്ചു പറയുകയാണൊ എന്നുള്ളതു് എനിക്കു നിശ്ചയമില്ല. അഡ്വൈസറി ബോർഡ് എന്ന നി ലയിൽ ഒരു കമ്മിറ്റി വേണമെന്നുദ്ദേശിച്ചാണു് ഈ ഉപക്ഷേപം അവതരിപ്പിച്ചിരിക്കുന്നതു്. ആ ഒരു നിലയാണു് ഇപ്പോഴുള്ള കമ്മിറ്റികൊണ്ടുമുള്ളതു്. ഈ ഉപദേശകസമിതി എന്നു പറയുന്നതിൽ ഗവമ്മെണ്ടു മനസ്സിലാക്കിട്ടുള്ളതു് ഫെയർ പ്രൈസു ഷാപ്പിന്നു ഓരോ വില്ലേ ജുകളിലും, വിജിലൻസു കമ്മിറ്റിപോലെ, ഓരോ കമ്മിറ്റി വേണമെന്നുള്ളതാണെന്നു തോ ന്നുന്നു. പ്രൈസു് കൺട്രോളിന്നും റേഷനിംഗിന്നും ഓരോ കമ്മിറ്റിയുള്ളതുപോലെ ഗ്രെയിൻ പർച്ചെയ്സിംഗിന്നും ഒരു കമ്മിറ്റി വേണമെന്നാണോ ആവശ്യപ്പെടുന്നതു് എന്നുള്ളതാണു് ഗവമ്മെണ്ടിന്റെ മറ്റൊരു സംശയം. ഞാൻ പറയുന്നതു് അതൊന്നുമല്ല. സിവിൽ സ പ്ലൈസു് ഡയറക്ടർ അവർകളും ഇന്നു വെളിച്ചമാകുമ്പോൾ ഒരു കല്പന പുറപ്പെടുവിക്കുവാൻ പോകുന്നു എന്നു വിചാരിക്കുക. ആ കല്പന പാസാക്കുന്നതിനുമുമ്പു ആ കാര്യത്തെപ്പറ്റി ആലോചിച്ചു തീർച്ചചെയ്യുന്നതിന്നു ഒരു കമ്മിറ്റി വേണമെന്നാണു് ഞാൻ പറയുന്നതു്. മത്സ്യം, അല്ലെങ്കിൽ കൊള്ളിക്കിഴങ്ങു് നമ്മുടെ രാജ്യത്തിൽനിന്നു വെളിയിലേക്കു കടത്തിക്കൊ ണ്ടുപോകുവാൻ പാടില്ലെന്നു വ്യവസ്ഥചെയ്യുന്നതിനുമുമ്പു് അതിനെപ്പറ്റി ഈ കമ്മിറ്റിയിൽ ആലോചിക്കണം. കാര്യക്ഷമതക്കും ആശാസ്യതക്കും അതാവശ്യവുമാണു്. ഇപ്പോൾ നമ്മുടെ ക്ഷേണസാധനനിയന്ത്രണം കുറച്ചൊക്കെ അമിതമാകുന്നുണ്ടൊ എന്നു എനിക്കു സംശയ മുണ്ടു്. എന്നാൽ കൺട്രോൾ എടുത്തുകളയണമെന്നല്ല ഞാൻ പറയുന്നതു്. അതു വേണ ണമെന്നാണു് എന്റെയും അഭ്യൂഹം. സിവിൽ സപ്ലൈസു് ഡയറക്ടർ എത്രതന്നെ ഉദ്ദേശശു ദ്ധിയോടും സാമർത്ഥ്യത്തോടുംകൂടി പ്രവർത്തിച്ചാലും, അതു ദോഷരഹിതമാവണമെന്നില്ല; നേ രെമറിച്ചു ഒരു സംയുക്തചർച്ചകൊണ്ടു അതിന്റെ ദോഷങ്ങളെ മിക്കവാറും പരിഹരിക്കാൻ കഴിയും. അങ്ങിനെ ചെയ്യുന്നതായാൽ ഈ നിയന്ത്രണസമ്പ്രദായം ശരിക്കു ഇവിടെ പ്രവ ർത്തിപ്പിക്കാവുന്നതാണു്. ഒരു ഉദാഹരണം ഞാൻ പറയാം. കപ്പൽമുളകു ഇവിടെ നിയന്ത്രി ച്ചു. കൽക്കത്തയിൽ കിടക്കുന്ന കപ്പൽമുളകു ഇവിടെനിന്നും പുറത്തേക്കു കൊണ്ടുപോകു വാൻ പാടില്ലെന്നു ഒരു ആർഡർ പാസായി. അങ്ങിനെയുള്ള വിഷമം വന്നപ്പോൾ ആ സാ ധനം ഇവിടെ കിട്ടാതായി. കിട്ടുന്നതിന്നു പത്തിരട്ടി വിലയുമായി. ഇങ്ങിനെ പല അ ബദ്ധങ്ങളും പറ്റിപ്പോകുന്നുണ്ടു്. നിയന്ത്രണത്തിനും ഔചിത്യം ആവശ്യമാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ : അതിന്നു ഉപദേശകസമിതികൊണ്ടു എന്തു ചെയ്യുവാൻ സാധിക്കും?

മിസ്റ്റർ വി. കെ. കുട്ടി : അദ്ദേഹം ചെയ്യുവാൻ പോകുന്ന സംഗതികളെപ്പറ്റി ആലോ ചിക്കുക, നിലവിലുള്ള ഉത്തരവുകളിൽ കാണുന്ന ദോഷം പരിഹരിക്കുക ഇതൊക്കെയാണു് ഉപദേശകസമിതികൊണ്ടു ചെയ്യുവാനുള്ളതു്. ഇന്നു ഓരോരുത്തക്കും അനുവദിച്ചിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അരി ചിലപ്പോൾ പോരാതെ വന്നേക്കാം. അല്ലെങ്കിൽ കുറക്കേണ്ടിവന്നേക്കാം. ഒരു വില്ലേജിൽ കൊയ്ത്തു കഴിഞ്ഞു നെല്ലു ധാരാളം വന്നുകൊണ്ടിരിക്കുന്ന സമയമുണ്ടാകും. ആ കാലത്തും പതിവുപോലെയുള്ള അരി ഗവമ്മെണ്ടു അവിടെ വിതരണം ചെയ്യുന്നുണ്ടു്. ആ സ്ഥലത്തെ നില ശരിയായി അറിയാവുന്ന ആളുകളാണെങ്കിൽ ഇന്നയിന്നകാലത്തു ഇത്രയിത്ര അരി അവിടെ വിതരണം ചെയ്താൽ മതിയെന്നും ഫുഡ്സ് ഡയറക്ടർ അവർകളെ ഉപദേശിക്കുവാൻ കഴിയും. ഇന്നു ഗവമ്മെണ്ടിന്നു അതു അറിയുവാൻ സാധിക്കുന്നില്ല. ഞാൻ പറയുന്നതു് സപ്ലൈ സംബന്ധിച്ചു നിലവിലുള്ള എല്ലാ കമ്മിറ്റികളേയും കളഞ്ഞു ഒരു പുതിയ കമ്മിറ്റി രൂപവൽക്കരിക്കണമെന്നാണു്. ഈ കമ്മിറ്റിയിൽ സപ്ലൈ പ്രശ്നങ്ങൾക്കെല്ലാം തീരുമാനമുണ്ടാക്കണം. അങ്ങിനെയായാൽ ഫുഡ്സ് ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനം വളരെ വിജയകരമായി ഇവിടെ നടത്തുവാൻ സാധിക്കും. ഫുഡ്സ് ഡിപ്പാർട്ടുമെണ്ടിനേയോ ഫുഡ്സ് ഡയറക്ടർ അവർകളേയോ ആക്ഷേപിക്കുവാൻ വേണ്ടിയല്ല ഞങ്ങൾ ഇതു കൊണ്ടുവന്നിരിക്കുന്നതു്. ഫുഡ്സ് ഡയറക്ടർ ആത്മാർത്ഥമായി വേലയെടുക്കുന്നുണ്ടു്.

ഡെപ്യൂട്ടി പ്രസിഡണ്ടു്: അദ്ദേഹത്തിന്റെ ജോലിയെപ്പറ്റി ഇവിടെ പറയേണ്ടതില്ല. കമ്മിറ്റിയുടെ ആവശ്യമെന്താണെന്നു പറയുക.

മിസ്റ്റർ വി. കെ. കുട്ടി: അദ്ദേഹം പുതുതായി ചെയ്യുവാൻ പോകുന്ന സംഗതികളെപ്പറ്റി കമ്മിറ്റിയിൽ ആലോചിക്കണം. ആ കമ്മിറ്റിയുടെ അഭിപ്രായമനുസരിച്ചായിരിക്കണം അദ്ദേഹത്തിന്റെ ഉത്തരവുകൾ. ഇപ്പോൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിനു ഒരു അഡൈവസറിക്കമ്മിറ്റിയുണ്ടു്. വിദ്യാഭ്യാസപ്രശ്നങ്ങൾ ആ കമ്മിറ്റിയുടെ ആലോചനയ്ക്കു വിടുകയാണു പതിവു്; കമ്മിറ്റി ചർച്ചചെയ്യുന്നു. അതുപോലെ ഈ ഡിപ്പാർട്ടുമെണ്ടിനും ഒരു കമ്മിറ്റി വേണമെന്നാണു് പറയുന്നതു്. ഇതിൽ കൂടുതലായി ഒരു വിവരണം ഇതിന്നാവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ സി. കെ. നായർ: ഈ സംഭരണവും വിതരണവും സംബന്ധിച്ചുള്ള എല്ലാ വിഷയങ്ങളും ആലോചിച്ചു തീർച്ചചെയ്ത ആ കാര്യങ്ങൾ യാതൊരു വിഷമവും കൂടാതെ വിജയകരമായിനടത്തുവാൻ ഫുഡ് ഡയറക്ടർ അവർകളെ ഉപദേശിക്കുന്നതിനു ഒരു കമ്മിറ്റി വേണമെന്നാണു് ഞാൻ പറയുന്നതു്. ഇതുണ്ടായാൽ ഗവമ്മെണ്ടു് ഇന്നു ചെയ്യുന്ന പല അബദ്ധങ്ങളും മേലിൽ ഇല്ലാതായേക്കും. ഇപ്പോൾ നെല്ലുവാങ്ങുന്ന സമ്പ്രദായം തൃപ്തികരമല്ല. ഒരു കൃഷിക്കാരന്റെ മുഴുവൻ നെല്ലും ഇപ്പോൾ കിട്ടിവരുന്നുണ്ടോ എന്നു സംശയമാണു്. ചിലരെ സംബന്ധിച്ചേടത്തോളം നെല്ല മുഴുവനും, അയാളുടെ ചിലവിനും വിത്തിനും ഉള്ളതും കൂടി, ഗവമ്മെണ്ടു എടുത്തുകൊണ്ടുപോരുന്നുമുണ്ടു്.

അങ്ങിനെ വരുമ്പോൾ വിത്തിനും വല്ലിക്കും കൃഷിക്കാരന്റെ കുടുംബചിലവിനുമുള്ള നെല്ലു കഴിച്ചു ബാക്കിയുള്ള നെല്ലു സർക്കാർ വാങ്ങുകയാണു് ചെയ്യേണ്ടതു്. എന്നാൽ ഒരു കൃഷിക്കാരന്റെ ചിലവെന്താണു്. വല്ലിക്കു എത്ര നെല്ലു വേണം, വിത്തിനു എത്ര വേണം, അയാൾക്കു വിളയെത്തുണ്ടാകും, ഈ സംഗതികളൊക്കെ നല്ലവണ്ണം അന്വേഷിച്ചറിയേണ്ടവയാണു്. ഈ ചിലവുകൾ എല്ലാസ്ഥലത്തും ഒരുപോലെയിരിക്കുകയില്ല. പലസ്ഥലത്തും പലവിധത്തിലായിരിക്കും ഈ ചിലവുകൾ. ഓരോ സ്ഥലത്തും പരിചയമുള്ളവർക്കാണെങ്കിൽ ആ ചിലവുകളൊക്കെ ശരിക്കു ക്ലിപ്തപ്പെടുത്തുവാൻ എളുപ്പത്തിൽ കഴിയുന്നതാണു്. ഇപ്പോൾ ഇവിടെ. ഫുഡ് സപ്ലൈസ് കമ്മീഷണരുടെ ആപ്പീസ്സിലിരുന്നുകൊണ്ടു്, പ്രൈസ് കൺട്രോൾ ചെയ്യുന്നവർ ഒരു കൃഷിക്കാരന്റെ ചിലവു് നിശ്ചയിക്കുകയാണു് ചെയ്യുന്നതു്. അതായതു വിത്തിനു ഇത്ര നെല്ലു, വല്ലിക്കു ഇത്ര, കുടുംബചിലവിനു ഇത്ര എന്നു കണക്കാക്കുന്നു. ഒരു പ്രദേശത്തിലെ കൃഷിച്ചിലവിന്റെ തോതു മറ്റൊരു പ്രദേശത്തേക്കു യോജിച്ചതാകയില്ല. ചില പ്രദേശങ്ങളിൽ കാട്ടുമൃഗങ്ങളുടെ ഉപദ്രവംകൊണ്ടു കൃഷിക്കു ദോഷം വരുന്നു. ചില സ്ഥലങ്ങളിൽ വെള്ളപ്പൊക്കം കൃഷിക്കു ദോഷത്തിനു ഹേതുവാകും. അങ്ങിനേയുള്ള സ്ഥലങ്ങളിൽ രണ്ടാമതു വിതക്കുന്നതിനുള്ള വിത്തും ചിലവിൽ പെടുത്തേണ്ടതാണു്. ഇങ്ങിനേയുള്ള കാര്യങ്ങൾ ആലോചിക്കുവാൻ ഇപ്പോൾ ആളുകളില്ല. നെല്ലു വാങ്ങിക്കാൻ ഒരു കൃഷിക്കാരനെ സമീപിക്കുന്ന വില്ലേജുദ്യോഗസ്ഥനു അയാൾ ഫ ൦ ൦ പറ നെല്ലുംകൊടുക്കുന്നു പിന്നെ താസിൽദാർ ചെല്ലുമ്പോൾ ഫ ൦ ൦ പറ നെല്ലും കൊടുക്കുന്നു. ഇങ്ങിനെ രണ്ടു മൂന്നു പ്രാവശ്യം ഒരാളുടെ പക്കൽനിന്നും നെല്ലു വാങ്ങിച്ചിട്ടുണ്ടു്. ഇങ്ങിനെ സംഭവിക്കുന്നതു് അയാളുടെ വരവെന്താണു്, ചിലവെന്താണു് എന്നു തിട്ടപ്പെടുത്തുന്നതിന്റെ ദോഷംകൊണ്ടാണു്. അതുകൊണ്ടു് ഈ വക സംഗതികളും ആലോചിച്ചു തീർച്ചയാക്കുവാൻ ഒരു കമ്മിറ്റി ആവശ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ജെ. തോമസ്സ്: സർ, ഓരോ നാട്ടിലുമുള്ള നെല്ല പല വിധത്തിലാണ്. ചിലതിന്ന ഓവു കൂടുതലായിരിക്കും. ചിലതിന്ന ഓവു കുറവായിരിക്കും. ഞങ്ങളുടെ നാട്ടിലുള്ള കായൽ കൃഷിക്കാണെങ്കിൽ ഓവു വളരെ കൂടുതലുണ്ട്. ഓവുള്ളതിന്നും ഇല്ലാത്തതിന്നും ഒരു വിലയാണ് ഗവമ്മെണ്ടു് കൊടുക്കുന്നതു്. അപ്പോൾ ഓവുള്ളതിന്ന ഇന്ന വില ഓവില്ലാത്തതിന്ന ഇന്നവില എന്ന നിശ്ചയിക്കേണ്ടതുണ്ടു്. ഓവുള്ള നെല്ലും ഓവില്ലാത്ത നെല്ലും താരതമ്യപ്പെടുത്തി അളന്ന എടുക്കുകയാണു് ഇപ്പോഴത്തെ പതിവു്. അതു നന്ന. പക്ഷെ ഡിപ്പോവിൽ ചില്ലറ വില്പനക്ക സൌകര്യം വരുന്നതിന്നുമാത്രം ഓവുള്ള നെല്ല ഒരു പറക്ക അഞ്ചൊ ആറൊ ഇടങ്ങഴിയെ താരതമ്യപ്പെടുത്തി അളവിൽ കിട്ടുകയുള്ളു. ഓവില്ലാത്തതിന്ന പറക്ക എട്ടും ഒമ്പതും ചിലപ്പോൾ പത്തും വീതം താരതമ്യപ്പെടുത്തി അളവിൽ കണക്കാക്കുന്നവരാം.

മിസ്റ്റർ വി. കെ. കുട്ടി: ഫ ഠ തീർച്ചയായും കിട്ടുകയില്ല. ൻ കിട്ടും.

മിസ്റ്റർ തോമാസ് കാരിക്കശ്ശേരി: ഇങ്ങിനെ പല വ്യത്യാസങ്ങളും നെല്ല വാങ്ങുന്നതിൽ സൂക്ഷിക്കുവാനുണ്ടു്. അങ്ങിനെ വരുമ്പോൾ ഇന്ന നെല്ലിന്നു് ഇന്ന വില എന്ന തീർച്ചപ്പെടുത്തണം. കഴിഞ്ഞ തവണ എടുത്ത നെല്ല താരതമ്യപ്പെടുത്തികൊണ്ടു് അളന്ന കൊടുക്കുകയുണ്ടായി. ഷാപ്പിൽ താരതമ്യപ്പെടുത്തികൊണ്ടു് അളന്ന കൊടുക്കുവാൻ സാധിക്കുകയില്ല. താരതമ്യപ്പെടുത്തികൊണ്ടു് അളന്നുകൊടുക്കുകയാണെങ്കിൽ ഒരാൾക്ക ഒരു ദിവസം പത്താളുകളിൽ കൂടുതൽ കൊടുക്കുവാൻ പ്രയാസമാണു്. ഓവുള്ള നെല്ലും താരതമ്യപ്പെടുത്തി അളന്നെടുക്കുന്ന. അതുപോലെ ഓവില്ലാത്ത നെല്ലും എടുക്കുന്നുണ്ടു്. ഓവുള്ള നെല്ലിന്റെ ഓവുപോയി കഴിഞ്ഞാൽ വ ഠ ശതമാനം മാത്രമെ കിട്ടി എന്ന വരികയുള്ളു. അതുകൊണ്ടു് ഓരോ നെല്ലിനേയും താരതമ്യപ്പെടുത്തി വില നിശ്ചയിക്കണം. അതിന്ന ഓരോ പ്രദേശത്തെക്കുറിച്ചും പരിചയമുള്ള ആളുകൾ വേണം.

രാമവമ്മതമ്പുരാൻ: ഒരു പ്രൈസ് കമ്മിറ്റിയുണ്ടു്. അവരാണു് വില നിശ്ചയിക്കുന്നതു്

മിസ്റ്റർ കെ. ജെ. തോമസ്സ്: എന്നാൽ എന്തുകൊണ്ടാണു് താരതമ്യപ്പെടുത്തികൊണ്ടു അളന്നെടുത്ത നെല്ലു് ഇങ്ങിനെ കൊടുക്കുന്നതു്. അതുകൊണ്ടു അതിന്ന ഒരു കമ്മിറ്റി വേണമെന്നാണു് പറയുന്നതു്.

രാമവമ്മതമ്പുരാൻ: ഇങ്ങിനെ ഒരു കമ്മിറ്റിയുണ്ടു്.

മിസ്റ്റർ തോമാസ് കാരിക്കശ്ശേരി: ആ കമ്മിറ്റി കൂടി വില നിശ്ചയിച്ചിട്ടുണ്ടോ ?

രാമവമ്മതമ്പുരാൻ: കമ്മിറ്റി കൂടിയിട്ടുവേണ്ടെ വില നിശ്ചയിക്കുവാൻ.

മിസ്റ്റർ വി. കെ. കുട്ടി: ഇപ്പോൾ ഗവമ്മെണ്ടിന്ന വന്നിട്ടുള്ള ആകെ ചിലവു് നോക്കി നെല്ലിന്ന വില നിശ്ചയിക്കുകയല്ലാതെ നെല്ലിന്റെ തരാതരം നോക്കി വില നിശ്ചയിക്കുന്നില്ല.

മിസ്റ്റർ കെ. ജെ. തോമസ്സ്: പിന്നെ ഓരോ സ്ഥലത്തേയും നെല്ലിന്റെ വിളവു ഓരോ തരത്തിലിരിക്കും. ചില സ്ഥലത്തു എട്ടു മേനി വിളയും. ചില സ്ഥലങ്ങളിൽ പത്തു ചേനിയും അതിൽ കൂടുതലും വിളയും ഗവമ്മെണ്ടിന്റെ കരമാണെങ്കിൽ ഈ സ്ഥലങ്ങൾക്കു ഒരുപോലെയാണു്. വലിയ വ്യത്യാസമില്ല. ഗവമ്മെണ്ടിന്റെ കരമനുസരിച്ചു വിളവു കണക്കാക്കിയാൽ ശരിയാകയില്ല. അതുകൊണ്ടു ഈ വക കാര്യങ്ങൾ ശരിയായി ആലോചിക്കണമെങ്കിൽ പല സ്ഥലങ്ങളിൽനിന്നുമുള്ള ആളുകൾ ഉൾപ്പെട്ട ഒരു കമ്മിറ്റി ഉണ്ടാകണം. അതുകൊണ്ടു അങ്ങിനെയുള്ള ഒരു കമ്മിറ്റി വേണമെന്ന അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ വിരമിക്കുന്നു.

***Mr. A. V. Moothedan** *(Chalakkudi)*: I wish to say a few words. The Hon'ble Secretary to Government has been pleased to observe that there are two committees, price control and rationing committees, and so why another committee is required. My submission is that the whole thing must be reorganised. There need be only one committee for price control and rationing. There is another side which is not represented in these committees. In the price control committees, they are representing only the consumers. When you fix the price you have to take into consideration what the producer has to say. Consumers will always be for a lower price being fixed.

Mr. M. M. Paul *(Director of Food Supplies)*: Price Control Committees represent both the consumers and the producers.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi)*: So far as I know only the names of some persons are given. They have nothing to do with agriculture, and they have never seen tapioca. Most of them are advocates who have no knowledge of these things.

Rama Varmha Tampuran *(Secretary to Government)*: The constitution of the price control committee as it has been now constituted is not correct. That is what the member means.

Mr. A. V. Moothedan *(Chalakkudi)*: There is defect in the constitution. I say landholders or agriculturists are not represented in the constitution. There should be a reorganisation. There should be only one committee to advise the Food Commissioner on production and distribution, the most important functions of the Director of Food Supplies. Production, distribution and price control are questions closely connected. You cannot separate the one from the other. They are so inter-connected. As the Member for Kanayannur Latin Christians said, the local conditions vary. The paddy in the Cochin-Kanayannur Taluk varies. The paddy in our place is excellent and the paddy in Chittur is excellent. Therefore, there are so many local conditions which have to be looked into in fixing the price. Therefore, my constructive suggestion in the matter is this. Regarding the Director of Food Supplies, I do not blame him. Nobody can master all the subjects under the sun. I say he is doing the work to the best of his ability and with all enthusiasm. Even then, there is a limit to human capacity. Regarding tapioca, he knows nothing at all. Why should I blame him? He was a judicial officer and then the Anchal Superintendent and nothing to do with tapioca. Then how can I honestly blame him for his mistakes. And there was the result, the State lost about 1,000 tons of tapioca in Medam and Edavam. In Ernakulam the tapioca that we are getting is 2 or 3 days old and very bad, because of the working of the control system. If we have people to advise the Director of Food Supplies, it will be better. The production and distribution of food stuffs is a very difficult subject very peculiar and at the same time very important also. It is not like the Diwan Peishkar's Department which is a very old department. He has got the experience of several of his predecessors. The Director of Food Supplies has no experience and there are no back files to refer to. Therefore he has to learn everything by his own efforts. The food department is a very peculiar from other departments. Therefore it is always good to have a non-official committee to advise him regarding tapioca or fish. Regarding fish also there is a terrible mistake as pointed out yesterday. Now we have no fish in Ernakulam. The price has also gone very high. One കാൽ costs one rupee today. Thefore, we must have people who know the subject and who can give some guidance. The Hon'ble Secretary to Government wants me to give the points of reference to the committee. Technically, what should be the reference to the committee? I should have given a reference if I had been given notice of it some time before. If you ask me point-blank now what are the points of reference, I cannot give it. There are no established rules to advise the Director of Food Supplies in all matters connected with the administration of the Food Department. For distribution. production and price control and rationing all these may be put into one committee. There should be a thorough reorganisation. The Price control committee now cannot advise how paddy is to be commandeered because in every place the cost of agricultural labour and the produce will not be the same. The Hon'ble Member for Mattancheri yesterday said that there should be a fixed quota for paddy. That is absurd. One paddy field in one place is different from the paddy field in another place. In Mukundapuram the fields are excellent and they yield four times or five times. Therefore each has to be examined and fixed on its own merits. If you fix 5 parah for one acre it may not hold good in the case of all lands. Such an arbitrary scale will cause hardship. The present practice is not so bad because there is some sort of amicable settlement between the landholders and the grain purchasing officer. But if there is a committee there should be more general rule because in that method that officer concerned is given a wide power of discretion. Being a human being he may be subjected to so many disabilities and weaknesses and he may not be correct in his judgment. Therefore it is better to have some guiding rules for commandeering paddy. Then regarding the method of plucking tapioca and how to be sent to each market there should be definite rules. These are some of the things which the department will have to be guided by non-official people who know about the subject and Government are not going to lose anything by that because nothing should be paid to them. Therefore I suggest that all these committees existing at present may be dissolved and a new committee comprehensive of price control and rationing and other concerns, a central committee, with Taluk committees like the National War Front, may be appointed. You are not bound to accept their advice also. There is much difference in the Director of Food Supplies passing an order without knowing the fact and passing an order after hearing the fact. When I say that there

LIBRARY ARCHIVES Kerala Legislative Assembly

would be such and such difficulty it is better that orders are passed after hearing that difficulty. On the other hand if he passes an order without knowing the the difficulty how can you blame him? Therefore, if he has done anything it is only a *bona fide* mistake. To avoid that *bona fide* mistake and causing inconvenience to the people and suffering to the cultivators as well as consumers, I suggest that there should be a Central Advisory Committee and then Taluk Committees. For each Assistant Supplies Officer there will be a small committee and regarding that Taluk he can take the advise of that Committee and pass on that advice to the Director of Food Supplies. The Central Food Committee will consider all these suggestions. With these words I commend this motion to the House.

*മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: സർ, ഈ സപ്ലൈ ഡിപ്പാർട്ട്മെണ്ടിനെപ്പറ്റി ഞങ്ങളാക്ഷേപിക്കുകയാണെന്നു ഒരിക്കലും തോന്നരുതു്. അതു ശരിയായി നടത്തുവാനുള്ള ചില മാർഗ്ഗങ്ങൾ ഇവിടെ പറയുന്നു എന്നല്ലാതെ യാതൊരു വിധത്തിലും അതിനെ ആക്ഷേപിക്കുകയല്ല ചെയ്യുന്നതു്. ഞങ്ങൾ പറയുന്നതു് കമ്മീഷണർക്കുതന്നെ വളരെ ഉപകാരമാകുമെന്നാണു് എന്റെ വിചാരം. നാട്ടുപുറങ്ങളിൽ നടക്കുന്ന അഴിമതികൾ കമ്മിഷണർ അറിയുന്നതിനു വളരെ താമസംവരുന്നുണ്ടു്. അദ്ദേഹം അതിനു് ഒരു നിവാരണമാർഗ്ഗം കണ്ടുപിടിച്ചു ചെയ്യുന്നതിനു മുമ്പു വളരെ ജനങ്ങൾ ആ അഴിമതിമൂലം വളരെ ദിവസം പട്ടിണികിടക്കേണ്ടിവന്നിരിക്കും. അതുകൊണ്ടു അവിടങ്ങളിലുള്ള ഓരോ ആളുകളെ ചേർത്തു ഒരു കമ്മിറ്റി നിശ്ചയിച്ചു അടിക്കടി അദ്ദേഹവുമായി കൂട്ടിമുട്ടുവാൻ സാധിച്ചാൽ ആ വിവരങ്ങളെല്ലാം അദ്ദേഹത്തിനു വേഗം അറിയുവാനും അതിനുള്ള നിവാരണമാർഗ്ഗം ഉടനെ ചെയ്യുവാനും സാധിക്കുന്നതാണു്. ഒരു കമ്മിറ്റിയുണ്ടായാലും ഇല്ലെങ്കിലും സാധുജനങ്ങൾക്കു ന്യായമായ വിലക്കു ഭക്ഷണസാധനങ്ങൾ കിട്ടണമെന്നേ ഞങ്ങൾ പറയുന്നുള്ളു. അതിനു ഒരു വഴിഗവമ്മെണ്ടുണ്ടാക്കണം. അതിനൊരു ഉദാഹരണം മാത്രം ഞാൻ പറയാം. ഫെയർ പ്രൈസ് ഷാപ്പിൽ ഒരു കാർഡുകൊണ്ടു് ചെന്നാലെ അരികിട്ടുകയുള്ളു. ആ കാർഡു ചിലപ്പോൾ കൈമോശം വന്നുപോയി അല്ലെങ്കിൽ കേടുവന്നുപോയി എങ്കിൽ അതിനു ഹജ്ജൂ കൊടുത്തു വേറെ ഒരു കാർഡു മേടിക്കണം. പുതിയ കാർഡു കൊടുക്കുന്നതു് ഫീൽഡ് ആപ്പീസ്സരാണു്. എന്റെ അറിവു ൨൫ ദിവസത്തോളം ഒരു ഫീൽഡ് ആപ്പീസ്സർ ഒരു ഫെയർ പ്രൈസ് ഷാപ്പിൽ ചെന്നിട്ടില്ലെന്നാണു്. ഞാനൊരിക്കൽ അവിടെ ചെന്നപ്പോൾ ഫീൽഡ് ആപ്പീസ്സരാണെന്നു കരുതി വളരെ ജനങ്ങൾ, സ്സാമ്പോട്ടിച്ചു ഹർജ്ജിയുമായി, കാർഡു കിട്ടുവാൻവേണ്ടി അവിടെ കൂടുകയുണ്ടായി. ആ വിവരം ഞാൻ കമ്മീഷണരെ അറിയിച്ചിട്ടുണ്ടു്. അതിനു ഒരു നിവാരണമാർഗ്ഗം കണ്ടുപിടിച്ചു ചെയ്യണം.

രാമവമ്മതമ്പുരാൻ: അതു ഏകദേശം ഏതു കാലത്താണുണ്ടായതു്? അടുത്തൊ അല്ലെങ്കിൽ കുറെകാലം മുമ്പൊ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ൧൫ ദിവസം മുമ്പാണു്. അതിനു എന്റെ ഒരു കൊസ്റ്റ്യനുണ്ടു്. അതിന്റെ മറുപടി കിട്ടിയിട്ടില്ല. ഇതുപോലെ പലേ സ്ഥലത്തുനിന്നും ആക്ഷേപമുണ്ടെന്നാണു് എന്റെ അറിവു. അതുകൊണ്ടു അങ്ങിനേയുള്ള വിവരമറിയുവാനെങ്കിലും ഒരു കമ്മിറ്റി വേണം.

൧൫ ദിവസത്തിനുമുമ്പു ഞാൻ ഇതിനെപ്പറ്റി ഒരു ചോദ്യം അയച്ചിട്ടുണ്ടു്. അതിനു മറുപടി പറയുമ്പോൾ കാണാം. ഇങ്ങിനെ പല ദിക്കിലും ആക്ഷേപമുണ്ടു്. അതിലേക്കു ഇങ്ങിനെയുള്ള ഒരു കമ്മറ്റി ഉണ്ടാക്കിയാൽ പലവിധത്തിലും ഉപകാരമുണ്ടു്. ഇതുപോലെ നല്ല നെല്ലിനും പൊട്ട നെല്ലിനും റേറ്റു് ഒന്നുപോലെ തന്നെ. ഒരുവ്യക്തി ആറണ നാലുപൈയാണു് ഉണങ്ങിയ നെല്ലിനായാലും പൊട്ടനെല്ലിനായാലും വില.

രാമവമ്മ തമ്പുരാൻ: ൨൫ ശതമാനം റിഡക്ഷൻ കൊടുത്തിട്ടുണ്ടു്. ഈ ആക്ഷേപം വന്നതിനുശേഷം വില്ക്കുന്നതു ൧൦൦ക്കു ൨൫ ശതമാനം വില കുറച്ചാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: നെല്ലു വിറ്റു കഴിഞ്ഞതിന്റെ ശേഷമാണു് ഈ വിവരംതന്നെ അവർ അറിയുന്നതു്. ആർഡർ കയ്യിൽ കിട്ടുമ്പോൾ അവിടെ നെല്ലില്ല. പിന്നെ ഒരു ദോഷംകൂടിയുണ്ടു്. അവക്കിഷ്ടമുള്ളവക്കു നല്ല നെല്ലു കൊടുക്കുക; പാവങ്ങൾക്കു പൊട്ടനെല്ലുകൊടുക്കുക; ഇങ്ങിനെയുള്ള ഒരു വലിയ അപകടം പറ്റാവുണ്ടു്. ഇങ്ങിനെ ഒരു കമ്മറ്റിയുണ്ടെങ്കിൽ പൊട്ടനെല്ലിനു് നല്ലനെല്ലിന്റെ വിലയിൽ നാലണ കുറക്കണമെന്നു പറയും. വല്ല ആക്ഷേപവുമുണ്ടെങ്കിൽ അവർ പോയി നോക്കി വില നിശ്ചയിക്കും. സാധാരണ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഞങ്ങൾ പോയി എഴുതിവെക്കാവുണ്ട്". അങ്ങിനെ എഴുതിവെക്കുന്ന അഭിപ്രായങ്ങളൊന്നും അവർ ഡയറക്ടക്ക് അറിവുകൊടുത്തതായിട്ട ഇതേവരെ ഞങ്ങൾക്കറിവില്ല. അവക്ക് ദോഷം വരാവുന്ന വല്ല അഭിപ്രായങ്ങളുമാണെങ്കിൽ അതിനെക്കുറിച്ചു യാതൊന്നും പുറത്തു പറയുകപോലുമില്ല.

വില്ലേജു കമ്മറിക്കാർ ഓരോ വീട്ടനമ്പറും കുറിച്ചു ഇത്ര പഞ്ചസാര എന്നു ഓരോരുത്തക്കും കാർഡുകൊടുക്കും. ആ കാർഡു കൊണ്ടുപോയാൽ ഒന്നോ രണ്ടോ റാത്തൽ പഞ്ചസാര കൊടുക്കും. ചില അവസരങ്ങളിൽ പഞ്ചസാരതന്നെ ഉണ്ടാകയില്ല. ഈ പ്രാക്ക പഞ്ചസാര സ്റ്റാക്കുള്ളപ്പോൾ പഞ്ചസാരകൊടുക്കാതെ മൂന്നു ദിവസത്തിനുള്ളിൽ ഇപ്പോഴത്തെ സിസ്റ്റം തന്നെ മാറുവാൻ പോകുന്നുവെന്നു പറഞ്ഞു പഞ്ചസാര കൊടുക്കാതെ പറഞ്ഞയച്ചിട്ടുണ്ട്. പഞ്ചസാര കൊടുക്കേണ്ടതു ആർക്കെല്ലാമാണെന്നും, കൊടുക്കേണ്ടാത്തതു ആക്കെല്ലാമാണെന്നും അറിഞ്ഞുവരുമ്പോൾ രണ്ടുമാസം പിടിക്കുമല്ലോ എന്നു ചോദിച്ചപ്പോൾ അതിനു് ഫീൽഡാഫീസർ.....

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഞ്ചസാര ആവശ്യമില്ലാത്തവക്ക കാർഡു് കൊടുത്തിട്ട് ആ കാർഡ് മറ്റുള്ളവർ വാങ്ങി ഉപയോഗിക്കുന്നുണ്ട്.

മിസ്റ്റർ സി. കെ. നായർ: ഇന്നും അങ്ങിനെയാണ് നടക്കുന്നതു്. എല്ലാവക്കും പഞ്ചസാര കൊടുക്കുന്നുണ്ട്. പക്ഷെ പഞ്ചസാര കൊടുക്കുന്ന മാതിരി എല്ലാ സ്ഥലങ്ങളിലും ഒന്നുപോലെയല്ല.

ഡപ്യൂട്ടി പ്രസിഡണ്ടു്: ഇപ്പോൾ ഇവിടെ ആലോചനയിലിരിക്കുന്ന കട്ടമോഷന്റെ സംഗതിക്കു സപ്ലൈസ് വകുപ്പിന്റെ പ്രവത്തനം സംബന്ധിച്ചു നൂനതകളുടെ ദൃഷ്ടാന്തങ്ങൾ വളരെ എടുത്തു പറയുന്നതു ആവശ്യമാണെന്നു തോന്നുന്നില്ല. ഗവമെണ്ടു സെക്രട്ടറിയുടെ ചോദ്യത്തിനു മറുപടിയായി മി. കുട്ടി ഒരു സംഗതി പറഞ്ഞു. അതു കൺട്രോൾ സംബന്ധിച്ചു ചട്ടങ്ങൾ പാസ്സാക്കുന്നതിനു മുമ്പു് ഡയറക്ടരെ ഉപദേശിക്കാൻ കമ്മറി വേണമെന്നാണ്. സപ്ലൈയും വിതരണവും സംബന്ധിച്ചു വേണ്ട ഉപദേശം കൊടുപ്പാൻ കമ്മറിവേണമെന്നു മിസ്റ്റർ സി. കെ. നായരും പറഞ്ഞു. ഇനിയും ഈ മാതിരി സംഗതികൾ പറയാനുണ്ടെങ്കിൽ അതാണ് പറയേണ്ടതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: കമ്മറിവെക്കേണ്ട ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ള സംഗതിക്കു ഈ വക വിവരങ്ങൾകൂടി ആവശ്യമാണെന്നാണ് ഞാൻപറഞ്ഞതു്.

ഡപ്യൂട്ടി പ്രസിഡണ്ടു്: ഇതൊന്നും ഇറലവൻറ് ആണെന്നു ഞാൻ പറയുന്നില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഇങ്ങിനെ പലവിധത്തിലുള്ള ആക്ഷേപങ്ങളും ഈ കമ്മിറിവെച്ചാൽ തീരുന്നതാണ്. ആ കമ്മിറിയിലേട്ട് നാട്ടുമുറങ്ങളിലുള്ളവർ സഹകരിക്കുമോ ഇല്ലയോ എന്നു് എനിക്ക പറയുവാൻ സാധിക്കയില്ലെങ്കിലും നെല്ലു് വാങ്ങുന്നകാര്യത്തിൽ അവരുടെ സഹകരണം കൂടുതൽ ഉപകാരപ്രദമായിരിക്കുന്നതാണ്. ആ കമ്മിറിയിൽ നാട്ടിന്റെ നാനാഭാഗങ്ങളിലുള്ളവരും....

മിസ്റ്റർ സി. കെ. നായർ: മറ്റു വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനു താഴെ ഒരു കട്ടമോഷൻ വരുന്നുണ്ട്.

ഡപ്യൂട്ടി പ്രസിഡണ്ടു്: സമയം വെറുതെ കളയാതിരിക്കുവാനാണു് ഞാൻ പറഞ്ഞതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: സമയം കളയണമെന്നു എനിക്കുദ്ദേശമില്ല. വളരെ ആക്ഷേപങ്ങളും ഈ വിഷയത്തിലുണ്ട്. പ്രസംഗിച്ചു് സമയം കളയണമെന്നാഗ്രഹിക്കുന്നില്ലെങ്കിലും ഇനി വരുവാൻ പോകുന്ന കട്ടമോഷൻ ഇവിടെ അവതരിപ്പിക്കുവാൻ സാധിച്ചില്ലെങ്കിലോ എന്നു വിചാരിച്ചും ഇതു വളരെ ഗൌരവമായ ഒരു വിഷയമായതുകൊണ്ടും ഇത്രയും പറഞ്ഞതാണ്.

നെല്ലു് ശേഖരിക്കുന്ന കാര്യത്തിൽ നാട്ടുമുറത്തുള്ള ജനങ്ങൾക്കു സഹായിക്കുവാൻ സാധിക്കും. കമ്മിറിറി ആവശ്യമുണ്ടെന്നാണു് ഞാൻ പറയുന്നതു്. ഞാൻ ചാലഞ്ചു് ചെയ്യുന്നു. ഇപ്പോൾ ഉദ്യോഗസ്ഥന്മാർ പോയി നെല്ലു വാങ്ങുന്നില്ലെ! അവർ നാട്ടുമുറത്തുള്ള രണ്ടുമൂന്നാളുകളെകൂടി കൂട്ടുപിടിച്ചിട്ടാണു് വാങ്ങുന്നതെങ്കിൽ ഇതിന്റെ ഇരട്ടി നെല്ലു് വാങ്ങുവാൻ സാധിക്കും. പിന്നെ ചാലക്കുടിയിൽനിന്നു നെല്ലുവാങ്ങി ഷൊർണ്ണൂർ കൊണ്ടുപോയി കുത്തി അരിയാക്കി വില്ക്കുന്നതു് എന്തിനാണു്? ഇങ്ങിനെ രണ്ടു മൂന്നു പ്രാവശ്യം ട്രാൻസ്പോർട്ട് ചാർജ്ജു് ചിലവാക്കുന്നതിന്റെ നഷ്ടം വന്നുകൂടുന്നതു സാധുജനങ്ങൾക്കാണു്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് എന്റെ പക്കൽ നെല്ലുണ്ടെങ്കിൽ എനിക്ക അടുത്തുള്ള മില്ലിൽ കൊണ്ടുപോയി കുത്തി അരിയാക്കുവാനുള്ള അനുവാദം തരണം. ഇതുപോലെയുള്ള പലേ സജഷൻസും സാധുജനങ്ങൾക്ക നഷ്ടംവരാത്തവിധത്തിൽ ലഭിക്കുവാൻ കമ്മീഷണർക്ക് ഈ കമ്മറിവെക്കുന്നതുകൊണ്ട സാധിക്കും. നാട്ടുപുറത്തുള്ള ജനങ്ങളെ വിശ്വസിച്ചു ഗവണ്മെണ്ട പ്രവർത്തിച്ചില്ലെങ്കിൽ സാധിക്കയില്ല. അതുകൊണ്ട് ഒരു കമ്മറി വെക്കുകയാണെങ്കിൽ അതിലെ മെമ്പർമാരും നാട്ടുകാരുംകൂടി യോജിച്ചു ഉത്തരവാദിത്വത്തോടുകൂടി നടത്തികൊണ്ടുപോകുവാൻ കഴിയുന്നതാണ്. ഇന്ന ആളുടെ അടുക്കൽ ഇത്ര പറ നെല്ല് ഇപ്പോൾ ഉണ്ടെന്നു എനിക്ക പറയുവാൻ നിവൃത്തിയില്ലാതാണിരിക്കുന്നത്. ഇപ്പോൾ ഫെയർ പ്രൈസ് ഷാപ്പിൽനിന്നു മാത്രമെ നെല്ല് അരി മുതലായതു കിട്ടുകയുള്ളു. ചിലപ്പോൾ അവിടെ നെല്ലോ അരിയോ കിട്ടാൻ സാധിക്കാതെ വരും. കാർഡു നഷ്ടപ്പെട്ടവന്നു അരികിട്ടുവാൻ നിവൃത്തിയില്ലാതെ പട്ടിണി കിടക്കേണ്ടിവരും. അങ്ങിനെ പട്ടിണി കിടക്കേണ്ടിവരുമ്പോൾ അവരെ സഹായിക്കുന്നതു നെല്ല് സൂക്ഷിച്ചിട്ടുള്ളവരാണ്. ഹോർഡിംഗ് കുറക്കുവാനും സാധുക്കൾക്ക സഹായം കിട്ടുവാനുമായിട്ടാണ് ഞാൻ പറയുന്നതു. അതുകൊണ്ട് താലൂക്കുതോറും മാരോ നല്ല കമ്മിറിവെച്ചു നാട്ടുപുറത്തുള്ളവരുടെ സഹായത്തോടുകൂടി ഇടക്കിടക്ക കമ്മറി വിളിച്ചുകൂട്ടി അവരുടെ നിർദ്ദേശങ്ങൾ കമ്മീഷണർക്ക നൽകുവാനുള്ള സൌകര്യമുണ്ടാക്കിയാൽ അതു സാധുക്കൾക്ക വലിയ ഉപകാരമായിരിക്കും. അല്ലാതെ അധികാരങ്ങളൊന്നും കൊടുക്കാതെ ഇപ്പോൾ വെച്ചിട്ടുള്ള അഡൈസറി കമ്മിറിറികൊണ്ട് യാതൊരു ഉപകാരവുമില്ല. അതുകൊണ്ട ഇങ്ങിനെയുള്ള ഒരു കമ്മറി ഏർപ്പെടുത്തേണ്ടതു അത്യാവശ്യമാണെന്നാണ് എനിക്ക പറയുവാനുള്ളതു.

മിസ്റ്റർ കെ. ടി. അച്യുതൻ: വാസ്തവത്തിൽ ഇത്ര പ്രധാനമായ ഒരു വിഷയം ഇതിനു മുമ്പ് ഈ നിയമസമയിൽ ആലോചനക്ക വന്നിട്ടുണ്ടെന്നു് എനിക്ക തോന്നുന്നില്ല. ഗവണ്മെണ്ടിൽനിന്നും ഈ ഡിപ്പാർട്ടുമെണ്ടു് സ്ഥാപിച്ചതുതന്നെ കൊച്ചിരാജ്യത്തെ ഏഴ് ലക്ഷം ജനങ്ങളുടെയിടയിൽ ഉള്ള ദാരിദ്ര്യത്തെ പരിഹരിക്കുവാനായിട്ടാണ്.

Mr. M. Krishna Menon *(Trichur-North)*: On a point of information may I know whether the Hon'ble Member is a member of the Price Control Committe or Rationing Committee.

Mr. K.T. Achuthan *(Ezhuvas-Trichur)*: I am both in the Price Control Committee and in the Rationing Committee.

പ്രൈസ് കൺട്രോൾ കമ്മിറിറിയിൽ വാങ്ങിയ വിലയും വിൽക്കുണ്ട വിലയും തീർച്ചയാക്കിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട ഡയറക്ടരവർകൾ പറഞ്ഞതു. അതു അദ്ദേഹത്തിന്റെ ചുമതലയെപ്പറ്റി പറഞ്ഞതാണ്. ഇരുപ്പുകൃഷിക്ക ഇന്നതോതു്, മുണ്ടകൻ കൃഷിക്ക ഇന്നതോതു്, കോൾകൃഷിക്ക ഇന്നതോതു് ഇതിനെല്ലാം പ്രത്യേകം പ്രത്യേകം തോതുവെച്ചു് ഉള്ളതു സൌകര്യംപോലെ വിതരണം ചെയ്യുന്ന കാര്യത്തിൽ ഇങ്ങിനെ ഒരു കമ്മറിവെക്കേണ്ടതു അത്യാവശ്യംതന്നെയാണ്. ഒരു കാർഡു് നഷ്ടപ്പെട്ടാലുടനെ വീണ്ടും ഒരു കാർഡു കിട്ടണമെങ്കിൽ രണ്ടണ സ്റ്റാമ്പു് ഒട്ടിച്ചു ഹർജികൊടുക്കണം. ഇങ്ങിനെ ഒരു അഡൈസറി കമ്മിറി വെക്കുന്ന പക്ഷം ഈ നഷ്ടം സഹിക്കേണ്ടിവരികയില്ല. കാർഡു നഷ്ടപ്പെടുന്നതുമാത്രമല്ല ഇങ്ങിനെ രണ്ടണയുംകൂടി നഷ്ടപ്പെടുത്താൻ വിചാരിക്കുന്നതു മഹാപാപമാണെന്നാണ് എന്റെ അഭിപ്രായം. കൊള്ളിക്കിഴങ്ങിനെ സംബന്ധിച്ചു ഇന്ന കാലത്തു ഇവിടെ പറഞ്ഞതു എത്രയും പരമാർത്ഥമാണ്. ഇന്നത്തെ നിലക്ക കൊള്ളികൃഷി സാദ്ധ്യമല്ല. മഴ വന്നിട്ടു കൊള്ളി നട്ടിട്ടുള്ള സ്ഥലം മുഴവനും വെള്ളം കയറി നശിച്ചിട്ടുണ്ട്.

ഡപ്യൂട്ടി പ്രസിഡണ്ട്: ഇതു എത്രയൊ ബഹുമാനപ്പെട്ട മെമ്പർമാർ ഇതിനുമുമ്പു് പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഓരോ മെമ്പർമാർ ഇതിലേക്ക രണ്ടു മണിക്കൂർ വീതം ചിലവുാക്കുകയാണെങ്കിലും പോരാ എന്നാണ് ഞാൻ പറയുന്നതു. ഈ കമ്മറി വെക്കുകയാണെങ്കിൽ അതു മൂലം കമ്മീഷണർക്ക വേണ്ടുന്ന ഉപദേശങ്ങൾ നൽകുവാൻ വളരെ ഉപകരിക്കുന്നതാണ്. വെറുതെ ഓർഡർ മാത്രം കൊടുത്തതുകൊണ്ടു കാര്യമായില്ല. ആ ഓർഡർ ശരിയായി നടപ്പാക്കത്തക്കവിധത്തിലുള്ള ഉപദേശങ്ങളും മുഴവൻ ഈ അഡൈസറി കമ്മിറിറിയിൽനിന്നും സിദ്ധിക്കുന്നതാണ്. അതുകൊണ്ടു ഓരോ താലൂക്കിനേയും പ്രതിനിധീകരിക്കത്തക്കവിധം താലൂക്കുതോറും ഓരോ കമ്മറിയെവെച്ചു് ഈ ഡിപ്പാർട്ടുമെൻറ മാതൃകാപരമായി ഭരണം നടത്തികണ്ടാൽ കൊള്ളാമെന്നാണ് എനിക്ക ഇതിനെ സംബന്ധിച്ചിടത്തോളം പറയുവാനുള്ളതു.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. M. Paul *(Director of Food Supplies)*: I may assure Hon'ble Members that the Government is in full sympathy with the object with which the cut motion is moved. The suggestions of the Hon'ble Members are welcome. It shows the desire of the non-official members to take interest in the working of the Department, to tender the necessary advice and try to see that the department works in as best a manner as possible. From the discussion it would seem that the Director does not take into confidence the non-officials in several matters connected with the actual working of the department. I say it is not so. In all these matters of control of tapioca, sugar and so on, before any vigorous step is taken usually enquiries are made through the Departmental officers concerned and also by consulting non-officials from whom any useful information can be had and also we elicit public opinion. We have also the criticisms and suggestions that appear in the press whenever we decide to take any important step in the working of the Food Department. The Tapioca Control Order is one instance. We have been accused of being overstrict and rather hasty in introducing control measures. My submission to this House is that there have been loud demands from the non-official public, through the press and otherwise, that a large portion of our tapioca was being exported to British parts for being converted into starch and otherwise. It was due to this demand of the public and when by our own enquiry we were convinced that it was necessary to introduce control measures we introduced them. So also in regard to other matters. We make enquiries by also asking as many non-official members as possible for information. I only want to say that in all these matters we are taking into confidence the non-official members in the working of the department and we are not ignoring public opinion.

I will now come to the suggestions made by Hon'ble Members. The suggestions are to the effect that there must be a Central Committee to advise the Director of Food Supplies and Taluk Committees to advise the Assistant Supply Officers and subordinates as to the details of the working of the department, As was already stated here yesterday, the main functions of the department come under supply and distribution. As regards the distribution, there are the Ration Committees both in urban and rural areas. It was brought into existence only about a few months ago, so that it may be that it is not working effectively in all centres. But as I have stated yesterday, steps are being taken to make the working of the committee efficient. It is considered that it is a useful medium of tendering advice to the local officers and to bring to my notice whatever defects or irregularities that may be practised by those who are entrusted with the working of the department. This is a matter which the Government will carefully look into. In the municipal areas also, we have got a rationing committees of which the Chairman is the Chairman of the Municipality. Those committees also can be made to function effectively. With regard to the Municipalities, I may add that particularly on almost all the subjects, we are consulting the Commissioners where there is a Commissioner whenever there is necessity for it. Government are taking all necessary steps to make these committees to serve the purpose for which they are intended. We do not feel shy of the advice of the Hon'ble Members. On the other hand, we do welcome, and we do want such suggestions.

Then as regards the price, which is another matter in which the consumer is vitally affected, we have got the Price Control Committee which, the Government think, represents both the consumer and the producer. It is not practicable to have a very big committee. But within the limits, this committee is representing all interests coming from the various parts of the State. In all matters connected with the fixing of prices of the various commodities, all the facts that are necessary are placed before that committee and their advice is taken. It is not, as has been suggested here, that simply the purchase price is given, the expenses are given and after a simple calculation of certain figures, the price is fixed. All the relevant factors are considered. Now then the only other matter in which there may be necessity for a committee is as regards the supply and purchase. With regard to the local purchase, as suggested by the Hon'ble Member for Nellai, the idea of the member is that by constituting village committees the commandeering of paddy can be held. Government will look into the matter and see whether anything can be done.

As regards the general policy concerning the food supply there are practical difficulties in the appointment of a Central Committee. In regard to these matters, quick decisions have to be taken and it may not be practical to consult the committee and take their advice in time. Once we constitute a committee, it should be effective and they should invariably be consulted before action is taken. In view of these difficulties, Government do not think it proper to constitute such a committee. Regarding the distribution of the foodstuffs, and the fixation of

LIBRARY ARCHIVES Kerala Legislative Assembly

the price of the food stuffs, both the consumer and the producer are vitally concerned. In these matters, there are committees, and any defects that now exist will be rectified. I therefore hope that the Hon'ble Member will not press his motion.

മിസ്റ്റർ വി. കെ. കുട്ടി: ഈ ഉപക്ഷേപത്തെ അടിസ്ഥാനപ്പെടുത്തി ഇവിടെ നടന്നിട്ടുള്ള വാദപ്രതിവാദങ്ങൾ കൊണ്ട് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെൻറിന്റെ ഇന്നത്തെ പ്രവർത്തനങ്ങൾ മുഴവൻ അബദ്ധമായിട്ടുണ്ടെന്നു ആരെങ്കിലും പ്രസ്താവിച്ചതായി അദ്ദേഹം തെറ്റിദ്ധരിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

മിസ്റ്റർ എം. എം. പോൾ: അബദ്ധം ചെയ്തിട്ടില്ലെന്നുള്ള ബോദ്ധ്യം എനിക്കില്ല. പല അബദ്ധങ്ങളും പ്രവർത്തിച്ചിട്ടുണ്ടാകും.

മിസ്റ്റർ വി. കെ. കുട്ടി: മനുഷ്യനായി ലോകത്തു ജനിച്ചിട്ടുണ്ടെങ്കിൽ അബദ്ധം കുറച്ചെങ്കിലും ചെയ്യാതെ ആരുമുണ്ടായിരിക്കയില്ലെന്നു എനിക്കറിയാം. അതിൽ എനിക്കാക്ഷേപമില്ല. ബഹുമാനപ്പെട്ട ഡയറക്ടർ അവർകൾ ഓരോ സംഗതികൾക്കും ഓർഡർ പാസ്സാക്കീട്ടുണ്ട്. എങ്കിലും ഈ സംഗതിയിൽ പല ഭാഗങ്ങളിൽനിന്നു ലഭിച്ചിട്ടുള്ള വിവരങ്ങളെ വെച്ചുകൊണ്ടാണ് ഞാൻ പറയുന്നതു്. ഗവൺമെണ്ടു അയക്കുന്ന ഓർഡർ എല്ലാം വളരെ ശരിയാണ്. അങ്ങിനെയുള്ള ഓർഡറെല്ലാം ശരിക്കു നടപ്പിൽവരുത്തുവാൻകൂടി ശ്രമിക്കണം, അതിനു് ഇങ്ങിനെയുള്ള ഒരു അഡ്വൈസറികമ്മിറ്റി ഓരോ താലൂക്കുകളിലും ആവശ്യമുണ്ടെന്നാണു ഞാൻ പറയുന്നതു്. എന്റെ ഉപക്ഷേപംതന്നെ ഈ സംഗതി വളരെവിശദമാക്കുന്നുണ്ട്. അതു ഞാൻ ഒന്നുകൂടി ഇവിടെ വായിക്കാം. "ഫുഡ് സപ്ലൈസ് ഡയറക്ടർക്കു യഥാവസരം വേണ്ട ഉപദേശങ്ങളും നൽകി അദ്ദേഹത്തിന്റെ ജോലിയിൽ സഹായിക്കുന്നതിന്നായി ഒരു അനുദ്യോഗസ്ഥകമ്മിറ്റിയെ നിയമിക്കണം. ഈ കമ്മിറ്റിയിൽ എല്ലാ താലൂക്കുകളും പ്രതിനിധീകരിക്കപ്പെടേണ്ടതാണു്"'.

ഇതാണു് ഉപക്ഷേപം. എട്ടുപത്തു കൊല്ലത്തോളമായി ഞാൻ ഈ കൌൺസിൽ മെമ്പറായതിന്നു ശേഷം ഇവിടെയുള്ള ഏതെങ്കിലും അഡ്വൈസറി കമ്മിറ്റിയിൽ മെമ്പറാകാതിരുന്നിട്ടില്ല. ഇപ്പോഴും ഞാൻ രണ്ടുമൂന്നു് അഡ്വൈസറി കമ്മിറ്റികളിൽ മെമ്പറാണു്. കമ്മിറ്റി കൊല്ലത്തിൽ രണ്ടുമൂന്നു പ്രാവശ്യം കൂടും. അതു കൂടുന്നതിനു മുമ്പായി മെമ്പർമാർ ഓരോ നിർദ്ദേശങ്ങളും അയക്കാതിരുന്നിട്ടില്ല. കമ്മിറ്റി ഇന്നമാസം ഇത്രാം തിയ്യതി ഇന്ന സ്ഥലത്തു വെച്ചു് ഇത്ര മണിക്കു കൂടുന്നുവെന്നു ഞങ്ങൾക്കു് അതിന്റെ ഭാരവാഹികൾ എഴുതിയയക്കും.

മിസ്റ്റർ എ. ഇബ്രാഹിമേനോൻ : കൊല്ലത്തിൽ എത്ര മീറ്റിങ്ങു് കൂടണമെന്നുണ്ടു് ?

മിസ്റ്റർ വി. കെ കുട്ടി : ചിലപ്പോൾ മാസത്തിൽ ഓരോ മീറ്റിങ്ങുതന്നെയും കൂടാറുണ്ടു്. മെമ്പർമാർ അവരുടെ നിർദ്ദേശങ്ങളും അയക്കുന്നതോടൊപ്പംതന്നെ അതിനെപ്പറ്റിയുള്ള തീരുമാനം ഗവൺമെണ്ടിലേക്കു് എഴുതിയയക്കാറുണ്ടു്. ആ മാതിരിയിൽ ഡയറക്ടരെ വേണ്ടവിധം ഉപദേശിക്കുവാനായി ഒരു കമ്മിറ്റി വേണമെന്നാണു പറയുന്നതു്. അതിനെ സംബന്ധിച്ചു് ആലോചിക്കാമെന്നു മാത്രം പറഞ്ഞാൽ അതു ശരിയല്ല. ഇതു ശാപ്പാടിന്റെ കാര്യമാണു്. വിശപ്പു് അധികമായാൽ എന്തൊക്കെയാണു ചെയ്യേണ്ടതു് എന്നു് ആർക്കും നിശ്ചയമുണ്ടായിരിക്കയില്ല. ആ അവസ്ഥയിൽ അവരെ തടയുവാൻ ഈ രാജ്യത്തെ പട്ടാളത്തെക്കൊണ്ടോ പോലീസിനെക്കൊണ്ടോ യാതൊന്നും സാദ്ധ്യമല്ല. അതുകൊണ്ടു് ഇതു ഗവൺമെണ്ടു ചെയ്യാൻ ആലോചിക്കുന്നുണ്ടെന്നു പറഞ്ഞാൽ ഞാൻ പിൻവലിക്കാം.

മിസ്റ്റർ എം. എം. പോൾ : ഇപ്പോൾ മെമ്പർ പറഞ്ഞ സകല കാര്യങ്ങളും ഈ റേഷൻ കമ്മിറ്റിക്കുതന്നെ നിർവ്വഹിക്കാൻ കഴിയുന്നതാണു്.

രാമവർമ്മതമ്പുരാൻ : ഇതിലേക്കു ശരിയായ രൂപവും മറ്റും ഉണ്ടാക്കിക്കഴിഞ്ഞാൽ ഈ ബുദ്ധിമുട്ടുകളെല്ലാം തീരുന്നതാണു്. ഒരു വൈദ്യു് കമ്മിറ്റി വെച്ചു് അതിന്റെ പ്രവർത്തനം നടപ്പിലാകുമ്പോൾ ഈ വിഷമങ്ങളൊക്കെ തീരും.

മിസ്റ്റർ വി. കെ. കുട്ടി: എന്റെ ഉപക്ഷേപം ആ കമ്മിറ്റിയിൽ എല്ലാ താലൂക്കുകളും പ്രതിനിധീകരിക്കണമെന്നാണു്. ആ നിലയിലുള്ള ഒരു മറുപടി ഗവൺമെണ്ടിൽനിന്നും കിട്ടിയതുകൊണ്ടു ഞാൻ ഇതിനെ പിൻവലിക്കുന്നു.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ : അഡ്വൈസറി കമ്മിറ്റിയുടെ പേർ റേഷൻ കമ്മിറ്റിയെന്നാക്കിയതിന്റെ കാരണമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. എം. പോൾ: റേഷന്റെ കാര്യമാണ് പ്രധാനം. ആദ്യം ഫെയർ പ്രൈസ് കമ്മിറ്റിയായിരുന്നു. റേഷൻ ഏർപ്പാട് നടപ്പിൽ വന്നപ്പോൾ അതിന്റെ പേർ റേഷൻ കമ്മിറ്റി എന്നാക്കി.

മിസ്റ്റർ വി. കെ. കട്ടി: അഡ്വൈസറി കമ്മിറ്റിയെന്നാക്കിയാൽ എന്താണു ദോഷം? ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion by leave withdrawn

Mr. C. K. Nayar *(Nemmara)*: I withdraw my motion.

Motion, by leave, withdrawn

CUT MOTION No. 17

Food Committees—Constituting of

Mr. K. Kunhirama Menon *(Cheruthuruthi)*: Sir, I beg to move *to reduce the allotment of Rs. 3,94,709 for Food Supplies by Re. 1 to impress upon the Government the necessity of constituting Food Committees in the State.*

അടുത്തുതന്നെ ബഹുമാനപ്പെട്ട Food Director അവർകളെ ഉപദേശിക്കുവാൻ ഒരു കമ്മിറ്റി നിയമിക്കണമെന്ന സംഗതിയെ ഇപ്പോൾ ഒരു കമ്മിറ്റി ഉണ്ടെന്നു പറഞ്ഞു എതുത്തുകൊണ്ട് ഈ നിയമസഭയിൽ, കൊച്ചിയിലെ വില്ലേജുകൾതോറും ഓരോ കമ്മിറ്റികൾ വെക്കേണമെന്നാവശ്യപ്പെടുന്നതിനായിട്ടാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്. അതായതു വില്ലേജിലുള്ളവരെ കമ്മിറ്റിയിൽ വെച്ചാൽ അവക്കു travelling allowance കൊടുക്കേണ്ടിവരികയില്ല എന്നുമാത്രമല്ല ആ കമ്മിറ്റികൊണ്ടു യാതൊരുവിധമായ ചിലവും ഗവൺമെണ്ടിലേക്കു വന്നുപോരുന്നതല്ല. Ration cardകൾ കൊടുക്കുക, Commandeering, Smuggling മുതലായ കാര്യങ്ങളിൽ ഉപദേശിക്കുക എന്നുമാത്രമല്ല Price Control കാര്യങ്ങളിൽ ഏവംവിധങ്ങളായ സഹകരണങ്ങൾ, പ്രായോഗികങ്ങളായ നിർദ്ദേശങ്ങൾ മുതലായതു തരുക, മുതലായതിനു അതാതു വില്ലേജുകളിലുള്ളവരായാലെ ആയതു നന്നായിതീരുകയുള്ളുവെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ Food Committeeകൾ വില്ലേജുകൾതോറും സ്ഥാപിച്ചാൽ ഓരോ താലൂക്കുകളിലേയും Assistant Supply Officer മാക്കും Field Officerമാക്കും Committee Memberമാരെ പോയിക്കണ്ടു വേണ്ട ഉപദേശങ്ങൾ കൊടുക്കുവാനും ഓരോ വില്ലേജുകളിലേയും ക്ഷാമനിവാരണങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ ലഭിക്കുവാനും സാധിക്കുന്നതാണ്. Food Director അവർകൾക്കു ഇതു കൂടുതൽ സഹായമായിരിക്കുമെന്നു ഞാൻ ഉറപ്പു പറയുന്നു. Commandeering നടത്തുവാൻ കൂടുതൽ ഉപദേശങ്ങൾ ലഭിക്കുന്നതായിരിക്കും. Villageകളിലെ Black Marketing തീരെ നിർത്തൽ ചെയ്യുവാൻ സാധിക്കുന്നതാണ്. ഗവൺമെണ്ടിൽനിന്നു Committee രൂപീകരിച്ചുകുറെ മെമ്പർമാർ ഉണ്ടെന്നു ഗസറ്റിൽ പേരു പ്രസിദ്ധപ്പെടുത്തിവെച്ചതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. നിർഭാഗ്യവശാൽ ഞാനും ആ Advisory Committeeയിലെ ഒരു മെമ്പറാണ്. കമ്മിറ്റി വെച്ചതിനു ശേഷം ഇതേവരെ അതിന്റെ ഒരു മീറ്റിങ്ങ്പോലും ഉണ്ടായിട്ടില്ലായെന്നു പറയുമ്പോൾ ആ കമ്മിറ്റിയെപ്പറ്റി പൊതുജനാഭിപ്രായം എന്തായിരിക്കുമെന്നു ആലോചിച്ചുനോക്കിയാൽ അറിയാവുന്നതാണ്. ശരിയായ ഒരു ചുമതലക്കാരൻ അതിൽ ഇല്ലാത്തതുതന്നെയാണ് അതിനു കാരണം എന്നു വിശ്വസിക്കുന്നു. കൊച്ചിരാജ്യത്തു് ഉള്ള വില്ലേജുകൾതോറും മൂന്നോ അഞ്ചോ ആളുകളടങ്ങിയ ഒരു Food Committee രൂപീകരിക്കണമെന്ന സംഗതിയെ ഈ ഉപക്ഷേപം മൂലം ഞാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു് അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ ജോസഫ് പൊട്ട: റേഷൻ കമ്മിറ്റി എന്നുള്ളതു് ഫുഡ്ഡ് കമ്മിറ്റിയെന്നാക്കി മാറ്റുന്നതിൽ ഗവൺമെണ്ടിനു വല്ല വിരോധവുമുണ്ടോ?

രാമവർമ്മതമ്പുരാൻ: യാതൊരു വിരോധവുമില്ല. ഓരോ പഞ്ചായത്തിലും ഓരോ കമ്മിറ്റി ഇപ്പോൾ ഉണ്ടു്. അതിനും പുറമെ വില്ലേജുകൾതോറും ഓരോ കമ്മിറ്റി വെക്കുവാൻ പ്രയാസമാണു്.

മിസ്റ്റർ കെ. നാരായണമേനോൻ: വില്ലേജുകൾതോറുമായാൽ അവക്കു ശമ്പളമൊന്നും കൊടുക്കണ്ടാ.

LIBRARY ARCHIVES Kerala Legislative Assembly